## <u>പത്രക്കുറിപ്പ്</u>

തിരുവനന്തപുരം നഗരത്തിലെ വിവിധ സ്ഥലങ്ങളിലെ ശ്രീബാലസുബ്രഹ്മണ്യ ക്ഷേത്രങ്ങളിൽ നടക്കുന്ന തൈപ്പൂയ കാവടി ഘോഷയാത്രയോടനുബന്ധിച്ച് **10.02.2016** തീയതി രാവിലെ **06.00** മണി മുതൽ ഉച്ചയ്ക്ക് **1.00** മണിവരെ തിരുവനന്തപുരം നഗരത്തിലെ വിവിധ സ്ഥലങ്ങളിൽ ഗതാഗത ക്രമീകരണം ഉണ്ടായിരിക്കുന്നതാണ്.

ഉള്ളൂർ ശ്രീബാലസുബ്രഹ് മണ്യക്ഷേത്രത്തിലെ കാവടി ഘോഷയാത്ര ആരംഭിക്കുന്ന സമയം മുതൽ തീരുന്നതുവരെ കുന്നുകുഴി - ഗൗരീശപട്ടം - പൊട്ടക്കുഴി - കോസ്മോ - മുറിഞ്ഞപാലം - മെഡിക്കൽ കോളേജ് - ഇളംകുളം - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിലൂടെ വാഹനങ്ങൾ കടത്തി വിടുന്നതല്ല. യാത്രക്കാർ ടി റോഡിലൂടെയുള്ള ഗതാഗതം ഒഴിവാക്കി വാഹനങ്ങൾ പി.എം.ജി, പട്ടം, ചാലക്കുഴി, കേശവദാസപുരം വഴിയോ, പി.എം.ജി, ലോ കോളേജ്, കണ്ണമ്മൂല, കുമാരപുരം വഴിയോ പോകേണ്ടതാണ്.

കാവടി ഘോഷയാത്ര കടന്നു പോകുന്ന പൊട്ടക്കുഴി, കോസ്മോ, മുറിഞ്ഞപാലം മെഡിക്കൽ കോളേജ്, ഇളംകുളം, ഉള്ളൂർ റോഡിൽ വാഹനങ്ങൾ റോഡിനു പരാലൽ ആയോ,ഗതാഗതതടസ്സം ഉണ്ടാക്കുന്ന രീതിയിലോ, മറ്റു വാഹനങ്ങൾക്ക് കടന്നു പോകുന്നതിന് തടസ്സം ഉണ്ടാക്കുന്ന രീതിയിലോ പാർക്ക് ചെയ്യുവാൻ പാടില്ല.

കൂടാതെ, ചാക്ക, ചാക്ക ബൈപ്പാസ്, പട്ടം, ശ്രീകാര്യം, പാറ്റൂർ ... കാവടിമുക്ക്, മൺവിള. കുളത്തൂർ തുടങ്ങിയ സ്ഥലങ്ങളിലും കാവടി ഘോഷയാത്ര കടന്നുപോകുന്ന സമയങ്ങളിൽ ഗതാഗത ക്രമീകരണം ഉണ്ടായിരിക്കുന്നതാണ്.

മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് പോകേണ്ട വാഹനങ്ങൾ പട്ടം, ചാലക്കുഴി -വഴി പോകേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-

0471-2558731
0471-2558732

ഒപ്പ്
പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.